# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം. 1625</u>

14.07.2016 ൽ മറുപടിക്ക്

## ധാതു മണൽ ഖനനവും കടത്തും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ | ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ലഭ്യമായ ധാതുമണൽ സമ്പത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകിരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിൽ ധാതുമണലിനെക്കുറിച്ച് ആധികാരികമായി പഠനം നടത്തുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് ഫോർ എക്സ്പ്ളൊറേഷൻ ആന്റ് റിസർച്ച് (എ.എം.ഡി) ആണ്. കേരളത്തിലുള്ള ധാതുമണലിന്റെ അളവ് എ.എം.ഡി. തിട്ടപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസ് (ഐ.ബി.എം) എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്നുണ്ട്. |
| (ബി) ധാതു മണൽ ഖനനം ചെയ്യുന്നതിന് ഏതെങ്കിലും സ്വകാര്യ ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) ധാതുമണൽ ഖനനം ചെയ്യുന്നതിന് നിലവിൽ സ്വകാര്യ ഏജൻസികൾക്ക് അനുമതി നൽകിയിട്ടില്ല. |
| (സി) ധാതുമണൽ അനധികൃതമായി കടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കേസുകളിൽ കർശന നടപടി സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;<br><br>(ഡി) ധാതു മണൽ സമ്പത്ത് സംരക്ഷിക്കുന്നതിനും പരമാവധി വിനിയോഗിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) യും (ഡി) യും ഇല്ല. എന്നാൽ അനധികൃതമായി ധാതുമണൽ കടത്തികൊണ്ടുപോകുന്നു എന്ന പത്രവാർത്തകൾ വന്നതിനെതുടർന്ന് വിവരം കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം പോലീസ് സൂപ്രണ്ട്, കൊല്ലം ജില്ലാ കളക്ടർ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിന്റെ ദക്ഷിണമേഖല മിനറൽ സ്ക്വാഡും കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും ഇതിനായി പ്രവർത്തിക്കുന്നുണ്ട്.<br>ധാതുമണൽ ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് വ്യാവസായിക കോംപ്ലക്സ് സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള സാധ്യത പഠിക്കുന്നതിനായി വിദഗ്ധ കമ്മിറ്റിയെ നിയോഗിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ 25 ലക്ഷം മാറ്റിവെച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**